DISPATCHED On..10/06/2020

28/02/2020

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in

ഹർജി നമ്പർ **AP.2048(2)/2017**/എസ്.ഐ.സി.

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നം. 13339 എസ്.ഐ.സി-ജി 6/17

സന്നിഹിതൻ

ഡോ.കെ.എൽ.വിവേകാനന്ദൻ, ബഹു.വിവരാവകാശ കമ്മീഷണർ

ശ്രീ.ശാമുവൽ എം.കെ,
മനക്കൽ വീട്, വെൺമണി പി.ഒ,
ആലപ്പുഴ – 689 509. } അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,
   റവന്യൂ മന്ത്രിയുടെ കാര്യാലയം,
   ഗവൺമെന്റ് സെക്രട്ടറിയേറ്റ്, തിരുവനന്തപുരം.

2. അപ്പീൽ അധികാരി,
   റവന്യൂ മന്ത്രിയുടെ കാര്യാലയം,
   ഗവൺമെന്റ് സെക്രട്ടറിയേറ്റ്, തിരുവനന്തപുരം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 07.07.2017 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 07.08.2017 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 21.08.2017 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 11.10.2017 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 16.10.2017 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 29.01.2020 സംസ്ഥാന വിവരാവകാശ കമ്മീഷൻ, തിരുവനന്തപുരം. |
| ഹിയറിംഗിലെ സാന്നിദ്ധ്യം:<br>അപ്പീൽ ഹർജിക്കാരൻ<br>സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ | <br>ഹാജരായില്ല.<br>ഹാജരായിരുന്നു. |

RIGHT TO INFORMATION

# ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം വകുപ്പ് 19(3) പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ എം.കെ.ശാമുവേൽ 11.10.2017 ൽ സമർപ്പിച്ച അപ്പീൽ ഹർജി 16.10.2017 ൽ കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച 6(1) അപേക്ഷയ്ക്കും അപ്പീലിനും നൽകിയ മറുപടി തൃപ്തികരമല്ലെന്നും ആയതിനാൽ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരൻ 07.07.2017 തീയതി ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറി കേരളാ സർക്കാർ ശ്രീ.ഹരി.പി.നായരുടെ 16.05.2017 ലെ കത്തിനോടൊപ്പം 15.05.2017 ൽ ചേർത്തയച്ച പരാതികളുടെ തീയതി അറിയിക്കുക, ആയതിന്റെ നടപടി ക്രമങ്ങൾ ലഭ്യമാക്കണം, പരാതികളെ സംബന്ധിച്ച് ബഹു.റവന്യൂ മന്ത്രിയുടെ തീരുമാനങ്ങൾ അറിയിക്കുക തുടങ്ങിയ വിവരങ്ങളായിരുന്നു.

4. രണ്ടാം എതിർകക്ഷി 17.04.2019 തീയതി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, അപ്പീൽ ഹർജിക്കാരൻ 07.07.2017 ന് സമർപ്പിച്ച വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയ്ക്ക് 07.08.2017 ന് മറുപടി നൽകിയെന്നും 16.05.2017ന് പ്രതിപക്ഷനേതാവിന്റെ കത്തിനോടൊപ്പം ടി കാര്യാലയത്തിൽ സമർപ്പിച്ച പരാതികൾ 27.06.2017 ന് തുടർനടപടികൾ സ്വീകരിക്കുന്നതിനായി ആലപ്പുഴ ജില്ലാ കളക്ടർക്ക് അയച്ചുകൊടുത്തിട്ടുണ്ടെന്നും പരാതിയുടെ പകർപ്പുകൾ കാര്യാലയത്തിൽ സൂക്ഷിക്കുന്നില്ലായെന്നും ആയതിനാൽ ഇതു സംബന്ധിച്ച് തുടരന്വേഷണങ്ങൾ ആലപ്പുഴ ജില്ല കളക്ടറുടെ കാര്യാലയവുമായി ബന്ധപ്പെട്ട് നടത്തേണ്ടതാണെന്നുമുള്ള മറുപടി ടിയാന് നൽകിയിരുന്നു. ടി മറുപടി തൃപ്തികരമല്ലാത്തതിനാലാണ് 21.08.2017 ന് അപ്പീൽ സമർപ്പിച്ചത്. ടി അപ്പീലിന്മേൽ നടപടി സ്വീകരിക്കുന്നതിനായി സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ നൽകിയ മറുപടിയും ബന്ധപ്പെട്ട രേഖകളും വിശദമായി പരിശോധിക്കുകയും സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറെ നേരിൽ കേൾക്കുകയും ചെയ്തു. പ്രസ്തുത ഓഫീസിൽ ലഭ്യമല്ലാത്ത വിവരങ്ങൾ നൽകുന്നതിനു വേണ്ടിയും ആവശ്യമായ തുടർനടപടികൾ എടുക്കുന്നതിനു വേണ്ടിയുമാണ് അപേക്ഷകൾ

ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കൈമാറുന്നതെന്നും ആയതിന്റെ രേഖകളോ പകർപ്പുകളോ സൂക്ഷിച്ചിട്ടില്ലായെന്നുമുളള സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ മറുപടിയിൽ അപാകത ഇല്ലായെന്നു കണ്ടെത്തി ടി അപ്പീൽ അപേക്ഷ തീർപ്പാക്കി മറുപടി നൽകിയെന്നും മറ്റുമാണ്.

5. 29.01.2020 തീയതി കമ്മീഷൻ ആസ്ഥാനത്തു വച്ചു നടത്തിയ ഹിയറിംഗിൽ ഒന്നാം എതിർകക്ഷിയും ഹാജരായിരുന്നു. അപ്പീൽ ഹർജിക്കാരൻ ഹാജരായിരുന്നില്ല.

6. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരുകക്ഷികളെയും നേരിൽ കേട്ടതിലും, അപ്പീൽ ഹർജിക്കാരൻ വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയ്ക്ക് എതിർകക്ഷികൾ ലഭ്യമായ വിവരങ്ങൾ നൽകിയതായി കമ്മീഷൻ കാണുന്നു. ടി സാഹചര്യത്തിൽ ഈ അപ്പീൽ ഹർജിയിൽ മറ്റു നടപടികൾ ആവശ്യമില്ലെന്നു കമ്മീഷൻ ഉത്തരവാകുന്നു.

7. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി ഇന്നേദിവസം 2020 ഫെബ്രുവരി 28-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

ഒപ്പ്
**ഡോ.കെ.എൽ.വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി (ഫിനാൻസ്)**

JN